**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2799** **03-08-2021 - ൽ മറുപടിയ്ക്ക്**

**തരിശു രഹിതമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് (റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ട്) XXIV-ലും, ആർ.ഐ.ഡി.എഫ് XXV-ലും ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | കൃഷി വകുപ്പിലെ പദ്ധതി നിർവ്വഹണ ഏജൻസികൾ മുഖേന ആലത്തൂർ നിയോജക മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ആർ.ഐ.ഡി.എഫ് 25-ാം ഘട്ടത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിൽ ഉൾപ്പെട്ട പിട്ടുകാരികുളമ്പ് നീർത്തട പദ്ധതി നടപ്പിലാക്കുന്നതിന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് അംഗീകാരം നൽകിയിട്ടുണ്ട്. 49.10 ലക്ഷം രൂപ അടങ്കൽ ഉള്ള പ്രസ്തുത പദ്ധതിയിലൂടെ 554.7 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. നാളിതുവരെ 39% പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ആലത്തൂർ മണ്ഡലത്തെ തരിശുരഹിതമാക്കുന്നതിന് കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ? | (ബി) | 2020-21 സാമ്പത്തിക വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ നെല്ല്, പച്ചക്കറി, ഫലം, കിഴങ്ങ് വർഗ്ഗം, പയർ വർഗ്ഗം എന്നീ വിളകൾക്കായി 16.26ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി 5.94 ലക്ഷം രൂപയും, 2021-22 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി അഞ്ച് ഹെക്ടറിന് രണ്ട് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ